## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3113** **13.03.2017 ൽ മറുപടിയ്ക്ക്**

## വിഷരഹിത പച്ചക്കറി

| ചോദ്യം<br>ശ്രീ. കെ.വി വിജയദാസ് | ഉത്തരം<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിഷരഹിത പച്ചക്കറി ഉത്പാദനം എത്ര മാത്രം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു; വിശദ വിവരം നൽകുമോ; | (എ) 2016-17 ലെ പച്ചക്കറി ഉല്പാദനം സംബന്ധിച്ച യഥാർത്ഥ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ. മുൻ വർഷത്തേക്കാൾ 10 % വരെ ഉല്പാദനവർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ള കടുത്ത വരൾച്ച മൂലം ഉദ്ദേശലക്ഷ്യത്തിലെത്തുവാൻ പ്രയാസമാണെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (ബി) ഇവയുടെ വിപണനം കാര്യക്ഷമമാക്കാനും ഇതു വഴി കർഷകർക്ക് ഉചിതമായ വില നൽകുന്നതിനും കഴിയുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ന്യായവില നൽകി ഹോർട്ടികോർപ്പ് സംഭരിക്കുന്നു. കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് കൃഷിവകുപ്പിന് കീഴിലുള്ള ആറു കാർഷിക മൊത്ത വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ വിപണിയിലും രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ പ്രസ്തുത വിപണികൾ മുഖേന ലേലം ചെയ്ത് വിൽക്കുവാൻ സാധിക്കും. ഇങ്ങനെ വിപണന കേന്ദ്രങ്ങളിൽ എത്തിച്ച് വിൽപന നടത്തുന്ന കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു. കൂടാതെ പച്ചക്കറി ക്ലസ്റ്ററുകളുടെ ബ്ലോക്ക് തല ഫെഡറേറ്റഡ് മാർക്കറ്റുകൾ, 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ എന്നിവ വഴിയും പച്ചക്കറി വിപണനം കാര്യക്ഷമമാക്കുവാനും കർഷകർക്ക് ഉചിതമായ വില നൽകുന്നതിനും കഴിയുന്നുണ്ട്. |
| (സി) ഹോർട്ടി കോർപ് വഴി പൂർണ്ണമായും വിഷരഹിതമായ പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന കൃഷിവകുപ്പ് "കേരള ഓർഗാനിക്" എന്ന ബ്രാൻറിൽ വിഷരഹിത പച്ചക്കറി ഈ വിഷുവിന് വിപണിയിൽ ഇറക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**